**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1654** **15-03-2022 - ൽ മറുപടിയ്ക്ക്**

**നാടൻ മാവിനങ്ങളെ സംബന്ധിച്ച് പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നാടൻ മാവുകളെ സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല പഠനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ പ്രാദേശികമായി അനുയോജ്യമായ മാവിനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | പ്രാദേശികമായി അനുയോജ്യമായ മാവിനങ്ങൾ മൂവാണ്ടൻ, വെള്ളായികൊളമ്പൻ, ചന്ദ്രക്കാരൻ, അൽഫോൺസോ, കാലപാടി, നീലം, മുണ്ടപ്പ, പെയറി, ബനേഷാൻ, ആലംപൂർ ബനേഷാൻ, മൽഗോവ, സുവർണ്ണരേഖ, ബംഗ്ലോറ, സിന്ദൂരം, പ്രിയൂർ, HY.45, HY.87, HY. 151 എന്നിവയാണ്. |
| (സി) | സർവ്വകലാശാലയിൽ വില്പനക്കായുള്ള മാവിനങ്ങൾ ഏതൊക്കെയാണെന്ന് വിതരണകേന്ദ്രം ഉൾപ്പെടെ അറിയിക്കാമോ; | (സി) | സിന്ദൂരം, അൽഫോൺസോ, നീലം, പ്രിയൂർ, സുവർണ്ണരേഖ, നടശാല, ബ്ലാക്ക് അൻഡ്രൂസ്, നാസിക് പസന്ത്, ഇമാം പസന്ത്, ബദാമി, അമൃത്, ബംഗനപ്പള്ളി, ബംഗ്ലോറ, മുണ്ടപ്പ, കാലപാടി, മല്ലിക, മൂവാണ്ടൻ, ചന്ദ്രക്കാരൻ, ഫിറാംഗിലഡുവ, കോട്ടുകോണം തുടങ്ങിയ ഇനങ്ങൾ സർവ്വകലാശാലയുടെ മണ്ണുത്തി, പട്ടാമ്പി, ആനക്കയം, പടന്നക്കാട്, സദാനന്ദപുരം, വെള്ളായണി, വെള്ളാനിക്കര, പീലിക്കോട് തുടങ്ങിയ ഗവേഷണ കേന്ദ്രങ്ങളിലുള്ള വിൽപന കേന്ദ്രങ്ങളിലൂടെ വിൽപന നടത്തിവരുന്നു. |
| (ഡി) | തെക്കൻ ജില്ലകളിൽ വ്യാപകമായി കണ്ടുവരുന്ന കർപ്പൂരമാവ് ഇനത്തെ കുറിച്ച് പ്രത്യേകമായി പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കാർഷിക സർവ്വകലാശാലയുടെ കൊട്ടാരക്കരയിലുള്ള ഗവേഷണ കേന്ദ്രത്തിൽ കർപ്പൂരം മാവിനത്തെ കുറിച്ചുള്ള പഠനം നടത്തിയിട്ടുണ്ട്. 72 മാവുകളിൽ നടത്തിയ പഠനത്തിൽ നിന്നും നല്ലയിനം 20 കർപ്പൂരം മാവുകൾ ഗവേഷണ കേന്ദ്രത്തിൽ സംരക്ഷിച്ചു വരുന്നു. കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നാണ് ഇവ തിരഞ്ഞെടുത്തിട്ടുള്ളത് സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെയാണ് ഈ ഗവേഷണ പദ്ധതി നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ